# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.8/1968/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/12/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ
കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.8/1968/22 തീയ്യതി: 03/12/2022

## കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 26-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 27-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. പ്രസീത കുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ബാബു നെല്ലൂളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രിയ. പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിന്ധു. എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റൂബി. നസീർ | അസി. എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുബൈദ | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. അനിത കുമാരി | ശിശു വികസന പദ്ധതി ഓഫീസർ (മുക്കം) | 01-04-2021 | 31-03-2022 |
| ശ്രീമതി. രൂപ നാരായണൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. വിപിൻ ദാസ്. പി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. മനുലാൽ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, ചെറുവാടി)) | 01-04-2021 | 31-03-2022 |
| ശ്രീ. മുകേഷ്. ടി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സനിൽകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-11-2021 |
| ശ്രീമതി. ഹിദ. എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | വിനിയോഗിക്കാത്ത പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | 1-2-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 9 | എൽ .എസ് .ജി .ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ് സംബന്ധിച്ച് . | 1-7 |
| 10 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി | 1-8 |
| 11 | സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിൻ സ്ഥാപിക്കൽ - രേഖകൾ ഇല്ലാത്തത് സംബന്ധിച്ച് | 1-9 |
| 12 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിയത് സംബന്ധിച്ച് | 1-10 |
| 13 | പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-നിർവഹണത്തിലെ അപാകതകൾ | 1-11 |
| 14 | ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-12 |
| 15 | നിഷ്ക്രിയ ആസ്തികളായ പകൽവീടുകളും വനിതാ സൗഹൃദ കേന്ദ്രങ്ങളും | 1-13 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എൽ .എസ് .ജി .ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ് സംബന്ധിച്ച് . | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24/02/2021 ലെ 01/2020-21 നമ്പർ തീരുമാന പ്രകാരം ഭരണസമിതിക്ക് സമർപ്പിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് ഭരണ സമിതിയുടെ 26/02/2021 ലെ 424/2020 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 04.07.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. Advance, Deposit എന്നിവയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. B18 പ്രകാരം Other Advance ഇനത്തിൽ 2548415/- രൂപ അവശേഷിക്കുന്നു. രേഖകളുടെ അഭാവത്തിൽ ആയത് ഏതിനത്തിൽപ്പെട്ടതാണെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

5. B -11(a) ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ഹെഡിൽ 4310168/- രൂപ ഉണ്ട്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ദൈനം ദിന ചെലവുകളും ഉൾപ്പെടുത്തിയതായി കാണുന്നു. അഡ്മിനിസ്ട്രേഷൻ ചെലവുകൾ അക്കൌണ്ട് ചെയ്യുമ്പോൾ ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നത് മൂലമാണ് അപാകത സംഭവിച്ചിട്ടുള്ളത്.

6. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (B-3) എന്നത് Fixed Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(a)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഇവ തമ്മിൽ 15972976/- രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.

### 1-2-2 വിനിയോഗിക്കാത്ത പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ വർഷങ്ങളിലായി ലഭിച്ച താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക (രൂപ) |
|---|---|---|
| 1 | സെൻട്രലി സ്പോൺസേർഡ് സ്കീം - ഇന്ദിര ആവാസ് യോജന (IAY) | 742 |
| 2 | നിർമൽ പുരസ്കാർ | 21,00,000 |
| 3 | ഗ്രാന്റുകൾ, ഫണ്ടുകൾ, കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസസ് അദർ വികസന ഫണ്ട് ആന്റ് ഗവർമ്മെന്റ് ഏജൻസീസ് | 2,08,773 |
| 4 | വികസന ഫണ്ട് - സി.എഫ്.സി ഗ്രാന്റ് അൺടൈഡ് | 26,72,804 |
| 5 | വികസന ഫണ്ട് - സി.എഫ്.സി ഗ്രാന്റ് ടൈഡ് | 27,95,549 |

| | | |
|---|---|---|
| 6 | കോൺട്രിബ്യൂഷൻ ഫോർ അദർ സ്പെസിഫിക് പർപ്പസസ് (ഫോർ കാപിറ്റൽ എക്സ്പെന്റിച്ചർ) ഫ്രം ഡിസ്ട്രിക് പഞ്ചായത്ത് | 23,590 |
| 7 | റിക്കവറീസ് പെയബിൾ കോവിഡ് | 1,59,400 |

മേൽ പ്രകാരമുള്ള തുകകൾ സർക്കാർ നിർദ്ദേശത്തിനു വിധേയമായി വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46,12,241 |
| വരവ് | 11,23,89,407 |
| ആകെ | 11,70,01,648 |
| ചെലവ് | 10,20,60,270 |
| നീക്കിയിരിപ്പ് | 1,49,41,378 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | വരവ് (ACR പ്രകാരം) | ചെലവ് (ACR പ്രകാരം) | ചെലവഴിക്കാത്ത തുക | ശതമാനം/ തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 36355000 | 34230770 | 2124230 | 94.15 |
| വികസന ഫണ്ട് (എസ്.സി.പി) | 21167000 | 20291558 | 875442 | 95.86 |
| വികസന ഫണ്ട് (ടി.എസ്.പി) | 676000 | 659394 | 16606 | 97.54 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 12582830 | 7052974 | 5529856 | 56.05 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) ടഷറി | 0 | 1309960 | 105608 | 1204352 |

| | | | | |
|---|---|---|---|---|
| മുഖേന | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Untied) ബാങ്ക് മുഖേന | 0 | 6927801 | 6356475 | 571326 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-(Tied) ട്രഷറി മുഖേന | 0 | 10154000 | 5248731 | 4905269 |
| ആകെ | 94530720 | 80295901 | 14234819 | 84.09 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 94530720 രൂപയിൽ 80295901 രൂപ (94.1%) പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 115 | 120593500 | 75 | 84749839 | 21 | 19 | 70% |

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പ്രോജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും, അവയുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

## 2) വാർഷിക പദ്ധതി ചെലവ് കുറഞ്ഞു - സർക്കാർ ഗ്രാന്റിനത്തിൽ 14234819/- രൂപ നഷ്ടപ്പെട്ടു

115 പ്രോജക്ടുകൾക്കായി 120593500/- രൂപ വകയിരുത്തിയതിൽ കേവലം 84749839/- രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/ C. F. C ഗ്രാന്റ്/ മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി

വിനിയോഗിക്കാൻ കഴിയാതെ വൻതുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 36355000 | 34230770 (ACR പ്രകാരം) | 2124230 |
| CFC Basic Grant | 8078960 | 5450901 | 2628059 |
| CFC Basic Tied | 15670930 | 11329117 | 4341813 |
| വികസന ഫണ്ട് - Scp | 21167000 | 20291558 | 875442 |
| വികസന ഫണ്ട് - TSP | 676000 | 659394 | 16606 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 12582830 | 7052974 | 5529856 |
| ആകെ | 94530720 | 80295901 | 14234819 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 14234819/- രൂപ സ്ഥാപനത്തിന് നഷ്ടമായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതും, മതിയായ മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലാത്തതുമാണ് ഇത്തരത്തിൽ തുക നഷ്ടമാകുന്നതിന് കാരണം. ആയതിനാൽ പദ്ധതികൾ കൃത്യമായി അവലോകനം ചെയ്യും, ആസൂത്രണത്തിലെ പോരായ്മ പരിഹരിച്ചും, സമയബന്ധിതമായും പൂർത്തികരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ലഭ്യമായ ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2022 -ാം തീയതി 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-7 എൽ .എസ് .ജി .ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ് സംബന്ധിച്ച് .

പ്രോജക്ട് നമ്പർ :52/22

പ്രോജക്ട് : എൽ .എസ് .ജി .ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

പ്രൊജക്ട് അംഗീകരിച്ച ഭരണ സമിതി തീരുമാനം നമ്പർ :13/2021 തി 24.05.2021

വകയിരുത്തിയത് : 150000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് : 149553/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് ഓഫീസിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസ്, ടെലഫോൺ ചാർജ്ജ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവ്, പോസ്റ്റൽ ചാർജ്ജ്, കമ്പ്യൂട്ടറുകളുടെ ദക്ഷത വർദ്ധിപ്പിക്കൽ എന്നീ ഇനങ്ങൾക്കുള്ള ചെലവ് കണ്ടെത്തുന്നതിനാണ് പ്രോജക്ട്.

പ്രോജക്ട് പരിശോധിച്ചതിൽ മേൽ പ്രകാരമുള്ള ചെലവുകൾക്ക് പുറമേ, താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ഓവർസിയർക്കുള്ള വേതനം കൂടി അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലെ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, ബിൽ പരിശോധന എന്നിവയ്ക്ക് നിലവിലെ എൽ.എസ്.ജി.ഡി ഓവർസിയർക്ക് കഴിയാത്തതിനാൽ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ ഓവർസിയറെ (2022 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ) നിയമിക്കുന്നതിന് 22.01.2022 ലെ 2/74/21 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഓവർസിയർക്ക നൽകിയ ദിവസ വേതനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ, തിയ്യതി | ദിവസ വേതനത്തിന് | വിശദാംശം |
|---|---|---|---|

| | | ചെലവഴിച്ച തുക | |
|---|---|---|---|
| 1 | 21170263010501329069, 15.03.2022 21549/-രൂപ (ദിവസ വേതനം 17365+ മറ്റു ചെലവുകൾ 4184) | 17365 | 2022 ഫെബ്രുവരി മാസത്തെ വേതനം 17365/- 23@755 |
| 2 | 211702301050152 0047, 30.03.2022 19586/- രൂപ (ദിവസ വേതനം 18875+ മറ്റു ചെലവുകൾ 711) | 18875 | 2022 മാർച്ച് മാസത്തെ വേതനം 25@755 |
| 3 | 211702301050019 5439, 12.07.2021 15100/- രൂപ | 15100 | 2021 ഏപ്രിൽ 1 മുതൽ 30 വരെയുള്ള 20 പ്രവൃത്തി ദിവസം 20@755 |
| | ആകെ | 51340 | |

പ്രൊവിഷണൽ നിയമനം ഉൾപ്പടെ 2 ഓവർസിയറുടെ തസ്തികകൾ ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 2021 ഏപ്രിൽ മാസം മാത്രമാണ് ഒരു ഓവർസിയർ ഗ്രേഡ് II ന്റെ തസ്തികയിൽ ഒഴിവുള്ളത്. 2022 ഫെബ്രുവരി ,മാർച്ച് 15 വരെ ഓവർസിയറുടെ തസ്തികകളിൽ ഒഴിവില്ല. മാർച്ച് 16 മുതൽ ഒരു ഓവർസിയർ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചിട്ടുണ്ട്. അനുവദിച്ച തസ്തികക്ക് പുറമേ നിയമനം നടത്തുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നിരിക്കേ (11.01.2019 ലെ03/2019 നമ്പർ സർക്കുലർ പ്രകാരം) ആയതിന് വിരുദ്ധമായി മേൽ പ്രകാരം നിയമനം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച 51340/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

1-8 കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ - റെയ്ഡ്കോയ്ക്ക് അമിത നിരക്ക് നൽകി

വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി ഓഡിറ്റ് വർഷം പദ്ധതികൾ രൂപീകരിക്കുകയും ചെലവു നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടേയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/22 |
| പേര് | വിവിധ പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ |
| പദ്ധതി അടങ്കൽ | 800000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 778162/- |
| ബിൽ നമ്പർ | തുക |
| 21170263012101034822/ 10.2.2022 | 400386/- |
| 21170263012101405714/ 25.3.2022 | 195532/- |
| 21170263012101493983/ 31.3.2022 | 182244/- |

| | |
|---|---|
| പ്രോജക്ട് നമ്പർ | 24/21-22 |
| പദ്ധതി അടങ്കൽ | 7 ലക്ഷം (വികസന ഫണ്ട്) |
| ചെലവ് | 680304/- |

| ബിൽ നമ്പർ | തുക |
|---|---|
| 1. 21170263012100995428/22.1.2022 | 436919/- |
| 2. 21170263012101402738/22.3.2022 | 243385/- |

മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്ത് മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്തത് റെയ്ഡ്കോ ആണ്. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ ഫയൽ പരിശോധിച്ചതിൽ മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ മാർക്കറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകുക വഴി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി കാണുന്നു. കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങളും ടി ഇനങ്ങൾക്കായി റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങളും താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|
| മൈപ്പിലാങ്ങൽ കുടിവെള്ള പദ്ധതി,<br>ആകെ ചെലവ് : 208428/- | 7DQ/5RAIDCO7.5എച്ച്.പിOWS<br>3HP മോട്ടോർ വില – 55776/-<br>7.5 എച്ച്.പി കൺട്രോൾ പാനൽ" – 28910/-<br>ഇൻസ്റ്റലേഷൻ ചാർജ് " - 34220/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 89522/- |
| ഉണ്ണിക്കോരൻ കുടിവെള്ള പദ്ധതി,<br>ചെലവ് 191981/- | 7DSM/7 RAIDCO7.5എച്ച്.പിOWS<br>3 HP മോട്ടോർ വില – 73920/-<br>7.5 എച്ച്.പി കൺട്രോൾ പാനൽ" – 28910/-<br>ഇൻസ്റ്റലേഷൻ ചാർജ് "- 34220/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 54931/- |
| താഴാടക്കണ്ടി (പെരുവയൽ) | RAIDCO DECCAN ER 45/25 5എച്ച്.പി |

| | |
|---|---|
| മോട്ടോറും പമ്പ് സെറ്റും സ്ഥാപിക്കൽ,<br>ചെലവ് 151817/- | "മോട്ടോർ വില - 44800/-<br>5 എച്ച്.പി കൺട്രോൾ പാനൽ" - 28910/-<br>ഇൻസ്റ്റലേഷൻ ചാർജ് - 33040/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) 45067/- |
| അങ്കണവാടി (139ാം നമ്പർ)കുന്ദമംഗലം ഗ്രാമ പഞ്ചായത്ത്<br>ചെലവ് 43715/- | 5 എച്ച്.പി "മോട്ടോർ വില - 7280/-<br>ഇൻസ്റ്റലേഷൻ ചാർജ് " - 11800/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 24635/- |
| നടക്കൽ കോട്ടമ്മൽ കുടിവെള്ള പദ്ധതി | 7DQ/4 RAIDCO7.5എച്ച്.പിOWS<br>3 HP മോട്ടോർ വില – 60480/-<br>7.5 എച്ച്.പി കൺട്രോൾ പാനൽ" - 30090/-<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 54021/-<br>ഇൻസ്റ്റലേഷൻ ചാർജ് - 37760/- |
| കുവ്വപ്പാറ താനിക്കൽ കുടിവെള്ള പദ്ധതി<br>ചെലവ് - 243385/- | 10 DGM/8 RAIDCO 10 HP OWS പമ്പ് സെറ്റ് - 90160/-<br>കൺട്രോൾ പാനൽ" - 33040/-<br>മറ്റുള്ളവ - 82425/-<br>ഇൻസ്റ്റലേഷൻ ചാർജ്- 37760/- |

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.
2. മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.
3. പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡ്കോ നിർമ്മിച്ചതാണോ എന്നത്

വ്യക്തമാക്കിയിട്ടില്ല.

ഉപകരണങ്ങൾക്ക് പൊതുവിപണിയിലെ നിരക്ക് പരിശോധിക്കാതെ, റെയ്ഡ്കോ ആവശ്യപ്പെട്ട പ്രകാരം തുക നൽകുക വഴി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കുകയാണുണ്ടായത്. ഇതിന് വിശദീകരണം നൽകേണ്ടതാണ്. പ്രവൃത്തികളിലെ ഇനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയർ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 10,21,677/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-9 സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിൻ സ്ഥാപിക്കൽ - രേഖകൾ ഇല്ലാത്തത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ :67/22

പ്രോജക്ട് : സ്കൂളുകളിൽ നാപ്കിൻ വെൻഡിംഗ് മെഷിൻ സ്ഥാപിക്കൽ

നിർവ്വഹണം : ശിശുക്ഷേമ വികസന ഓഫീസർ

വകയിരുത്തിയത് :20,00,000 (ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് : 2000000/-

ഭരണാനുമതി 49/21 തി 26.11.2021

സർക്കാർ സ്കൂളുകളിൽ നാപ്കിൻ വെന്റിംഗ് മെഷിൻ, ഷീ പാഡ്, ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട്. ഇതു പ്രകാരം സർക്കാർ/എയിഡഡ് സ്കൂളുകളിലെ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ, ഉപയോഗിച്ച നാപ്കിനുകൾ പ്രകൃതിക്ക് ദോഷകരമല്ലാത്ത രീതിയിൽ കത്തിക്കുന്നതിനുള്ള ഇൻസിനറേറ്റർ, സാനിട്ടറി നാപ്കിനുകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ വിതരണം ചെയ്യുന്നു, തുക ഇ-ഗ്രാം സ്വരാജ് പി.എഫ്.എം.എസ് മുഖേന വനിതാ വികസന കോർപ്പറേഷന് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | ട്രാൻസ്ഫർ ചെയ്ത തുക |
|---|---|
| 01.02.2022 | 9,65,973 |

| | |
|---|---|
| 06.3.2022 | 10,34,027 |
| ആകെ | 20,00,000 |

20,00,000/- രൂപ ട്രാൻസ്ഫർ ചെയ്തെങ്കിലും 11,85,198/- രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് മാത്രമേ ഫയലിൽ ഉള്ളൂ. ശേഷിക്കുന്ന തുകയായ 8,14,802/- രൂപക്കു സാധനങ്ങൾ ലഭിച്ചതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശം ഫയലിൽ ഇല്ല.

11,85,198/- രൂപയുടെ സാധനങ്ങൾ ലഭ്യമായത് വിതരണം ചെയ്തതിൽ താഴെ പറയുന്ന ഇനങ്ങൾ കൈപ്പറ്റിയതിന് സ്കൂളുകളിൽ നിന്നുള്ള കൈപ്പറ്റ് രശീതി ഫയലിൽ ഇല്ല.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഷീ പാഡ് എണ്ണം @ 16.71 | അലമാര @ 13664 | ഇൻസിനറേറ്റർ @ 25168 |
|---|---|---|---|---|
| 1 | ഗവ.ഹൈസ്കൂൾ, നായർ കുഴി | 3600 | 1 | 1 |
| 2 | ഗവ.ഹയർറി സെക്കന്ററിസ്കൂൾ, നായർ കുഴി | 2400 | 1 | |
| 3 | ഗവ.ഹൈസ്കൂൾ മാവൂർ | 2400 | 1 | |
| 4 | ഗവ.ഹയർറി സെക്കന്ററിസ്കൂൾ ചെറുവാടി | 900 | 1 | 1 |
| 5 | മാവൂർ എം.യു.പി.എസ് | 300 | 1 | 1 |
| 6 | തോട്ടുമുക്കം യു.പി.എസ് | 300 | 1 | 1 |
| 7 | പെരിങ്ങൊളം യു.പി.എസ് | 300 | 1 | 1 |
| | ആകെ | 10200 | 7 | 5 |

അപാകത സംബന്ധിച്ച് 06.10.2022 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .രേഖകളുടെ അഭാവത്തിൽ 12,06,732/- (814802+391930) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

8,14,802/- രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് 3,91,930/- രൂപയുടെ സാധനങ്ങൾ വിതരണം ചെയ്തത് കൈപ്പറ്റിയതിനുള്ള രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

1-10 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിയത് സംബന്ധിച്ച്

പ്രോജക്റ്റ് നമ്പർ :56/22

പ്രോജക്റ്റ് :ദ്വിതീയ പാലിയേറ്റീവ് കെയർ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

വകയിരുത്തിയത് :4,00,000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് : 4,00,000/-

ബിൽ റഫറൻസ് നമ്പർ 21170263011701508087 തി 29.03.22

ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ വാങ്ങാൻ അനുവാദമുള്ള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിനാണ് പ്രോജക്റ്റ്. ഇതു പ്രകാരം ദ്വിതീയ സാന്ത്വന പരിചരണത്തിനായി ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ സാധിക്കും .
മരുന്നുകൾ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർമാരിൽ നിന്നും മരുന്നുകളുടെ പേരും എണ്ണവും ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സപ്ലൈകോ മെഡിക്കൽ സ്റ്റോർ മുക്കത്ത് നിന്നും വാങ്ങിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നിരിക്കേ ആയത് ഇല്ലാതെ മരുന്ന് വാങ്ങിയതിന് 06.10.2022 ന് 7-ാം നമ്പർ പ്രകാരം വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. നോൺ അവൈലവിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-11 പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-നിർവഹണത്തിലെ അപാകതകൾ

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലെ പട്ടിക ജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പട്ടിക ജാതി വിഭാഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്നത്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ/വിദ്യാർത്ഥിനികളുടെ

പഠനനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതികളാണ്. 14/02/2018ലെ സ.ഉ.നം.22/2018/തസ്വഭവ പ്രകാരം നിശ്ചയിച്ച നരക്കിലാണ് വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ ഖണ്ഡിക 7.2 പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെ വിദ്യാർത്ഥികൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 53/22 | |
| പ്രോജക്ടിന്റെ പേര് | SCHOLARSHIP TO SC STUDENTS | |
| നിർവഹണോദ്യോഗസ്ഥ | പട്ടിക ജാതി വികസന ഓഫീസർ | |
| വകയിരുത്തിയ തുക | 5300000/- രൂപ<br>(എസ്.സി.പി) | |
| ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | 1 | 860000/- രൂപ<br>(Bill Reference No. (BRN) 21170263010601027555 Dt. 29-01-2022) |
| | 2 | 190000/- രൂപ<br>(Bill Reference No. (BRN) 21170263010601412735 Dt. 22-03-2022) |
| | 3 | 795000/- രൂപ<br>(Bill Reference No. (BRN) 21170263010600655135 Dt. |

| | | |
|---|---|---|
| | | 16-11-2021) |
| | 4 | 665000/- രൂപ (Bill Reference No. (BRN) 21170263010601142370 Dt. 17-02-2022) |
| | 5 | 360000/- രൂപ (Bill Reference No. (BRN) 21170263010600410666 Dt. 15-09-2021) |
| | 6 | 240000/- രൂപ (Bill Reference No. (BRN) 21170263010600452280 Dt. 23-09-2021) |
| | 7 | 375000/- രൂപ (Bill Reference No. (BRN) 21170263010600452272 Dt. 23-09-2021) |
| | 8 | 550000/- രൂപ (Bill Reference No. (BRN) 2117026301060025626 Dt. 18-10-2021) |
| | 9 | 1260000/- രൂപ (Bill Reference No. (BRN) 21170263010600464963 Dt. 29-09-2021) |
| ആകെ ചെലവഴിച്ച തുക | | 5295000/- രൂപ |

മേൽ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ, പട്ടികജാതി വികസന

വകുപ്പിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കാതെ ധനസഹായം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർഥിയുടെ പേര് | നൽകിയ തുക (രൂപ) | ബിൽനമ്പർ |
|---|---|---|---|
| 1 | ഹരി കൃഷ്ണൻ. എൻ.പി | 25000 | Bill Reference No. (BRN) 21170263010601027555 Dt. 29-01-2022 |
| 2 | അജയ് ഉദയ് കുമാർ | 30000 | Bill Reference No. (BRN) 21170263010600655135 Dt. 16-11-2021 |
| 3 | അമൽ കൃഷ്ണ.പി.കെ | 20000 | Bill Reference No. (BRN) 21170263010601142370 Dt. 17-02-2022 |
| 4 | അശ്വതി വിജയൻ | 30000 | Bill Reference No. (BRN) 21170263010600410666 Dt. 15-09-2021 |
| 5 | അഷിദ. പി.പി | 25000 | Bill Reference No. (BRN) 21170263010600452272 Dt. 23-09-2021 |
| 6 | അബിജിത്ത്.കെ.പി | 20000 | Bill Reference No. (BRN)211 70263010600256266 Dt. 18-10-2021 |
| 7 | ബിബിൻ.എ.പി | 20000 | Bill Reference No. (BRN) 21170263010600464963 Dt. |

| | | | |
|---|---|---|---|
| | | | 29-09-2021 |
| 8 | അശ്വനി.കെ.കെ | 20000 | Bill Reference No. (BRN) 21170263010600464963 Dt. 29-09-2021 |
| ആകെ | | 190000/- രൂപ | |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 54/22 |
| പ്രോജക്ടിന്റെ പേര് | SCHOLARSHIP TO SC GIRL STUDENTS |
| നിർവഹണോദ്യോഗസ്ഥ | പട്ടിക ജാതി വികസന ഓഫീസർ |
| നിർവഹണ രീതിയുടെ പേര് | ഡെപ്പോസിറ്റ് വർക്ക് |
| വകയിരുത്തിയ തുക | 1200000/- രൂപ (എസ്.സി.പി) |
| ചെലവഴിച്ച തുക/ബിൽ നമ്പർ/തീയതി | 800000/- രൂപ (Bill Reference No. (BRN) 21170263010600719668 Dt. 29-11-2021) |
| | 400000/- രൂപ (Bill Reference No. (BRN) 21170263010600842125 Dt. 27-12-2021) |

| | |
|---|---|
| ആകെ ചെലവഴിച്ച തുക | 1200000/- രൂപ |

മേൽ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ, പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം സമർപ്പിക്കാതെ ധനസഹായം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർഥിയുടെ പേര് | നൽകിയ തുക (രൂപ) | ബിൽ നമ്പർ |
|---|---|---|---|
| 1 | അഞ്ജന രാജ്.ആർ | 20000 | (Bill Reference No. (BRN) 211702630106008842125 Dt. 27-12-2021) |
| 2 | അശ്വതി.കെ | 20000 | (Bill Reference No. (BRN) 211702630106008842125 Dt. 27-12-2021) |
| ആകെ | | 40000/- രൂപ | |

രേഖകളുടെ അഭാവത്തിൽ യഥാക്രമം പ്രോജക്ട് നമ്പർ 53/22 പ്രകാരം ചെലവഴിച്ചതിൽ 190000/- രൂപയും പ്രോജക്ട് നമ്പർ 54/22 പ്രകാരം ചെലവഴിച്ചതിൽ 40000/- രൂപയും തടസ്സപ്പെടുത്തുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ, പട്ടികജാതി വികസന വകുപ്പിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ഓഡിറ്റ് എൻക്വയറി നമ്പർ 9/2021-22 തി 06.10.2022

പ്രോജക്ട് നമ്പർ :65/22

പ്രോജക്ട് : ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ

വകയിരുത്തിയത് :23,54,040/- (ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് : 10,72,500/-

നിർവഹണം – സെക്രട്ടറി

തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് - ജില്ലാ എഞ്ചിനീയർ അനർട്ട് കോഴിക്കോട് സമർപ്പിച്ച പഠന റിപ്പോർട്ട്, ടെകിനിക്കൽ സ്പെസിഫിക്കേഷൻ, അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി പദ്ധതി ചെലവ് നിർവ്വഹണം, അധിക സ്ട്രക്ചർ നിർമ്മിക്കുന്നതിന് ഉൾപ്പെടുത്തിയ 10,72,500/- രൂപയുടെ എസ്റ്റിമേറ്റ് എന്നിവ 10.02.2022 ലെ 80(6)/21 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തുന്നതിനായി ആകെ പദ്ധതി തുകയും അതിന്റെ 10 ശതമാനം അനർട്ടിന്റെ ഭരണചെലവും അടങ്ങുന്ന തുകയായ 10,72,500/- രൂപ ഇ-ഗ്രാം സ്വരാജ് പി.എഫ്.എം.എസ് മുഖേന അനർട്ടിന്റെ അക്കൗണ്ടിലേക്ക് 15.03.2022 ന് മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അനർട്ട് കോഴിക്കോടിന്റെ ജില്ലാ എഞ്ചിനീയറുമായി 19.03.2022 ന് വെച്ച കരാർ പ്രകാരം തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തിയ്യതി മുതൽ കുറഞ്ഞത് 6 മാസത്തിനുള്ളിൽ അനർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകേണ്ടതാണ്. സ്ഥലപരിശോധനയിൽ പദ്ധതി ആരംഭിച്ചിട്ടില്ല എന്ന് ബോധ്യമായിട്ടുണ്ട്.

29.01.18 ലെ സ.ഉ.(കൈ) നം 11/2018 /ത.സ്വ.ഭ.വ ഉത്തരവിലെ ഖ 11.2(ഡി)(iv) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ആയത് കൈക്കോള്ളാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ (06.10.22 ലെ 9ാം നമ്പർ) ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു. ഇതിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 നിഷ്ക്രിയ ആസ്തികളായ പകൽവീടുകളും വനിതാ സൗഹൃദ കേന്ദ്രങ്ങളും

2021-22 വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി 5 പകൽ വീടുകളുടെയും 2 വനിതാ സൗഹൃദ കേന്ദ്രങ്ങളുടെയും 1 വനിതാ പരിശീലന കേന്ദ്രത്തിന്റെയും പ്രവൃത്തികൾക്ക് വികസന ഫണ്ട്/ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്. 6.10.2022 ന് നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അന്നേ ദിവസം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.

എക്സി. എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളെല്ലാം തന്നെ മറ്റു ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ പെടുന്നവയാണെന്നാണ് അറിയിച്ചത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 1 | 98/22<br>കാരശ്ശേരി പകൽ വീട് നിർമ്മാണം | അസി. എഞ്ചിനീയർ | 64908 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 86/22<br>പാറക്കുളം വനിതാ സൗഹൃദ കേന്ദ്രം | അസി. എഞ്ചിനീയർ | 81303 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 3 | 101/22<br>പോലൂർ തയ്യിൽ താഴം പകൽ വീട് വൈദ്യുതീകരണം | അസി. എഞ്ചിനീയർ | 96984 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 4 | 82/22<br>പാനോത്ത് വനിതാ പരിശീലന കേന്ദ്രം | അസി. എഞ്ചിനീയർ | 341784 | വികസന ഫണ്ട് (എസ്.സി.പി.) |
| 5 | 31/22<br>വള്ളന്നൂർ പകൽ വീട്പൂർത്തീകരണം | അസി. എഞ്ചിനീയർ | 395420 | വികസന ഫണ്ട് (ജനറൽ) |
| 6 | 33/22<br>കുന്ദമംഗലം പകൽ വീട്പൂര്ത്തീകരണവും | അസി. എഞ്ചിനീയർ | 9250 | വികസന ഫണ്ട് (ജനറൽ) |

| | | | | |
|---|---|---|---|---|
| | വൈദ്യുതീകരണവും | | | |
| 7 | 83/22<br>വെള്ളന്നൂർ ലക്ഷം വീട് കോളനി പകൽ വീട് (ചാത്തമംഗലം) | അസി. എഞ്ചിനീയർ | 728581 | വികസന ഫണ്ട് (ജനറൽ) |
| 8 | 19/22<br>വനിതാ സൗഹൃദ കേന്ദ്രം നിർമ്മാണം (കുരുവട്ടൂർ പഞ്ചായത്ത്) | അസി. എഞ്ചിനീയർ | 769261 | വികസന ഫണ്ട് (ജനറൽ) |

1.10.2022ന് ഓഡിറ്റ് ടീം നടത്തിയ സ്ഥലം പരിശോധനയിൽ വെള്ളന്നൂർ ലക്ഷംവീട് കോളനി പകൽവീട് നമ്പർ പോലും അനുവദിക്കാതെ പൂട്ടിയ നിലയിലാണ്. പ്രസ്തുത കെട്ടിടം ചാത്തമംഗലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2019-20 ൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2020-21 ൽ ഒന്നാം നിലയുടെയും ചുറ്റുമതിലിന്റെയും നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും 2021-22 ലാണ് പ്രവൃത്തികൾ നടന്നത്. വയോജനങ്ങൾക്ക് വിശ്രമിക്കാനുള്ള കെട്ടിടമാണെന്നിരിക്കെ മുകൾ നിലയുടെ ആവശ്യം എന്തെന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഒരു ഹാൾ ആയിട്ടാണ് പ്രസ്തുത ഭാഗം കാണപ്പെട്ടത്. താഴെ നിലയിൽ വിശ്രമിക്കാനുള്ള സൗകര്യങ്ങൾ പര്യാപ്തമാണ്. 8.9.2020 ന് ഉദ്ഘാടനം കഴിഞ്ഞ കെട്ടിടം ഓഡിറ്റ് തിയ്യതി വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പദ്ധതി തയ്യാറാക്കി സർക്കാർ ഫണ്ട് ചെലവഴിച്ച് പ്രവൃത്തികൾ ചെയ്ത മറ്റു കെട്ടിടങ്ങളും ഇതുവരെ പ്രവർത്തനമാരംഭിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണ്. നിഷ്ക്രിയ ആസ്തികൾക്കായി ചെലവഴിച്ച 24,87,491/- രൂപ തടസ്സത്തിൽ വെക്കുന്നു. മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങൾ പ്രയോജനപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എൽ .എസ് .ജി .ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ് സംബന്ധിച്ച് .

പ്രോജക്ട് നമ്പർ :52/22

പ്രോജക്ട് : എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് ഓഫീസ് കണ്ടിജൻസി ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

പ്രോജക്ട് അംഗീകരിച്ച ഭരണ സമിതി തീരുമാനം നമ്പർ :13/2021 തി 24.05.2021

വകയിരുത്തിയത് : 150000 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് : 149553/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് ഓഫീസിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും മെയിന്റനൻസ്, ടെലഫോൺ ചാർജ്ജ്, സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനുള്ള ചെലവ്, പോസ്റ്റൽ ചാർജ്ജ്, കമ്പ്യൂട്ടറുകളുടെ ദക്ഷത വർദ്ധിപ്പിക്കൽ എന്നീ ഇനങ്ങൾക്കുള്ള ചെലവ് കണ്ടെത്തുന്നതിനാണ് പ്രൊജക്ട്.

പ്രോജക്ട് പരിശോധിച്ചതിൽ മേൽ പ്രകാരമുള്ള ചെലവുകൾക്ക് പുറമേ, താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ഓവർസിയർക്കുള്ള വേതനം കൂടി അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികളിലെ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, ബിൽ പരിശോധന എന്നിവയ്ക്ക് നിലവിലെ എൽ.എസ്.ജി.ഡി ഓവർസിയർക്ക് കഴിയാത്തതിനാൽ താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ ഓവർസിയറെ (2022 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ) നിയമിക്കുന്നതിന് 22.01.2022 ലെ 2/74/21 നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഓവർസിയർക്കു നൽകിയ ദിവസ വേതനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ, തിയ്യതി | ദിവസ വേതനത്തിന് ചെലവഴിച്ച തുക | വിശദാംശം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 21170263010501329069,<br>15.03.2022<br>21549/-രൂപ<br>(ദിവസ വേതനം 17365+<br>മറ്റു ചെലവുകൾ 4184) | 17365 | 2022 ഫെബ്രുവരി<br>മാസത്തെ<br>വേതനം 17365/-<br>23 @ 755 |
| 2 | 2117023010501520047,<br>30.03.2022<br>19586/- രൂപ<br>(ദിവസ വേതനം 18875+<br>മറ്റു ചെലവുകൾ 711) | 18875 | 2022 മാർച്ച്<br>മാസത്തെ<br>വേതനം<br>25 @ 755 |
| 3 | 2117023010500195439,<br>12.07.2021<br>15100/- രൂപ | 15100 | 2021 ഏപ്രിൽ 1<br>മുതൽ 30<br>വരെയുള്ള 20<br>പ്രവൃത്തി ദിവസം<br>20 @ 755 |
| | ആകെ | 51340 | |

എംപ്ലോയ്മെന്റ് നിയമനം ഉൾപ്പടെ 2 ഓവർസിയറുടെ തസ്തികകൾ ഉള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ അറ്റന്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 2021 ഏപ്രിൽ മാസം മാത്രമാണ് ഒരു ഓവർസിയർ ഗ്രേഡ് II ന്റെ തസ്തികയിൽ ഒഴിവുള്ളത്. 2022 ഫെബ്രുവരി, മാർച്ച് 15 വരെയുള്ള മാസങ്ങളിൽ ഓവർസിയറുടെ തസ്തികകളിൽ ഒഴിവില്ല. മാർച്ച് 16 മുതൽ ഒരു ഓവർസിയർ മെറ്റേണിറ്റി ലീവിൽ പ്രവേശിച്ചിട്ടുണ്ട്. അനുവദിച്ച തസ്തികക്കു പുറമേ നിയമനം നടത്തുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നിരിക്കേ (11.01.2019 ലെ03/2019 നമ്പർ സർക്കുലർ പ്രകാരം) ആയതിന് വിരുദ്ധമായി മേൽ പ്രകാരം നിയമനം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06.10.22 ലെ 10-ാം നമ്പർ) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ അനുമതിയില്ലാതെ ചെലവഴിച്ച 51340/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിശദാംശം.

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | പി.എം.എ.വൈ | 1190000 | 1190000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999 | 41 A, 44 | | ജനകീയാസൂത്രണ നടത്തിപ്പിൽ അപാകതകൾ - ശിവഗിരി ശുദ്ധജല പദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 1999 | 41 B, 44 | | പൈലങ്ങോട്ട് ചുരം - പാലോംകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 1999 | 41c, 44 | | കൊടിയത്തൂർ - കോട്ടമ്മൽ ശുദ്ധജല പദ്ധതി | ഇല്ലാത്ത പ്രോജക്ടിനു വേണ്ടിയുള്ള മുൻകൂർ- വകുപ്പുതല നടപടിക്ക് ശുപാർശ |
| 1999-00 | 75 (എ) | | ശിവഗിരി ശുദ്ധജല പദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും |

| | | | | |
|---|---|---|---|---|
| | | | | ശുപാർശ ചെയ്തു |
| 1999-00 | 75 (ബി), 76 | | പൈലങ്ങോട്ട് ചുരം - പാലോംകുന്ന് ശുദ്ധജല പദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ പകുപ്പ് നടപടിയും അന്വേഷണവും ശുപാർശ ചെയ്തു |
| 2017-18 | 2.6.4 അനുബന്ധം 4 | Spl Audit Report | ഡെപ്പോസിറ്റ് പ്രവൃത്തികൾ | |
| 2018-19 | 3-1 | 2017-18 | സാധനങ്ങളുടെ സമാഹരണം സർക്കാർ നിർദ്ദേശപ്രകാരമല്ല. പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,23,89,407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 1,02,06,0270 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51,340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,18,400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 51340 | ശ്രീമതി. സിന്ധു എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-8 | 1021677 | ശ്രീമതി. റൂബി നസീർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-9 | 12,06,732 | ശ്രീമതി. സുബൈദ ശിശുക്ഷേമ വികസന പദ്ധതി ഓഫീസർ |
| 1-10 | 4,00,000 | ശ്രീ. ഡോ. മനലാൽ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-11 | 2,30,000 | ശ്രീ. മുകേഷ്.ടി, പട്ടികജാതി വികസന ഓഫീസർ |
| 1-12 | 1072500 | ശ്രീമതി.പ്രിയ.പി |
| 1-13 | 24,87,491 | ശ്രീമതി.റൂബി നസീർ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| ക്രമ നം. | പേര് | സ്ഥിരം മേൽ വിലാസം |
|---|---|---|
| 1 | ശ്രീമതി. സിന്ധു എൻ | നൂഞ്ഞിയിൽ, പാലാഴി,<br>ജി എ കോളേജ് (പി ഒ),<br>കോഴിക്കോട് |
| 2 | ശ്രീ. ഡോ. മനലാൽ | തേവർക്കണ്ടി,<br>തിക്കോടി പി.ഒ,<br>കോഴിക്കോട്- 673529 |
| 3 | ശ്രീമതി. റൂബി നസീർ | റൂബി ഹൗസ്, കുരീപുഴ,<br>കാവനാട് പി ഒ,<br>കൊല്ലം-691003 |
| 4 | ശ്രീ. മുകേഷ്.ടി | തിരുമുകത്, പക്കം,<br>പുൽപ്പള്ളി, വയനാട്<br>673579 |
| 5 | ശ്രീമതി. സുബൈദ | ആനപ്പാറക്കൽ ഹൌസ്,<br>വെണ്ണക്കാട്, കൊടുവള്ളി,<br>673572 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | കെ.എസ്.എ/കെ.കെ.ഡി/പി8/2022<br>25-05-2022 | 28, 29, 30 |
| 1998-99 | പി 7/2022/12(2)/15-2-2013 | 28(1), 37 |

| | | |
|---|---|---|
| 1999-200 | പി 7/2022/12(3)/15-2-2013 | 37, 39(4) 46(ബി2) 49(2,5,6) |
| 2000-01 | പി 7/2022/12(4)/15-2-2013 | 38, 39, 40, 42, 44, 45 (1,2,3,4),46 |
| 2001-02 (പ്ലാൻ) | പി 7/2022/12(5)/15-2-2013 | 8, 13 (1,2,9), 14എ (1, 4, 6, 8, 11, 14, 16, 18, 19), 14ബി (1, 2, 3, 4, 5) 15, 19(1)21 |
| 2001-2 (ചെലവ്) | എസ് 1 308/04/08-07-2004 | 24, 25, 26, 27, 28 |
| 2002-03 | പി 7/2022/12(6)/15-2-2013 | 27, 28, 29, 31, 33, 34(2), 37, 38, 39, 41 |
| 2003-04 | പി 7/2022/12(7)/15-2-2013 | 3-1, 3-4, 3-6, 3-9 |
| 2004-05 | പി 7/2022/12(8)/15-2-2013 | 2-4, 2-5, 2-7(2, 5), 2-8, 2-9, 2-1, 2-14 |
| 2005-06 | പി 7/2022/12(9)/15-2-2013 | 3-1, 3-2, 3-4, 3-7(1,2), 3-14 |
| 2006-07 | പി 7/2022/12(10)/15-2-2013 | 3-2(2), 3-5, 3-6, 3-10, 3-13, 3-18, 3-21, 3-24 |
| 2007-08 | പി 7/2022/12(11)/15-2-2013 | 3-2(2), 3-5, 3-6, 3-10, 3-13, 3-18, 3-21, 3-24 |
| 2008-09 | പി 7/2022/12(12)/15-2-2013 | 3-4 (3, 4, 5), 3-5, 3-6(1,3), 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 3-17 |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി.(പി8) 813/2022(1) 25-05-2022 | 3-2, 3-4, 3-5(1,2), 3-8, 3-9(2), 3-10, 3-14, 3-15, 3-17, 3-19, 3-20, |
| 2010-11 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(2) 25-05-2022 | 2-2, 3-2, 3-3, 3-6, 3-7, 3-8(1) 3-9, 3-10, 3-11 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.(പി7)275/14/ 14-7-14 | 3-1, 3-23-5(3), 3-6, 3-7(1,4), 3-14 (1, 2, 3, 4, |

| | | |
|---|---|---|
| | | 5, 6, 7, 8, 9, 12, 16, 17, 18, 19, 21), 4-2, 4-3 |
| 2012-13, 13-14 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(3) 25-05-2022 | 3-1, 3-2, 3-5, 3-6, 3-10, 3-12, 3-13, 3-15, 3-17 (2, 3, 4, 7), 3-18 |
| 2014-15, 15-16 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(4) 25-05-2022 | 3-1, 3-3, 3-12, 3-13, 3-16, 3-19, 3-20 3-22, 3-23, 4-1, 4-2 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(5) 25-05-2022 | 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-10, 3-11 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി(പി8) 813/2022(6) 25-05-2022 | 1-10, 1-12, 3-1 മുതൽ 3-5 വരെ, 3-7, 3-9 മുതൽ 3-15 വരെ |
| 2018-19 | നം.കെ.എസ്.എ/കെ.കെ.ഡി /പി11/927/20/14-10-2020 | 1-8, 1-9, 1-10, 1-11, 1-12, 1-14, 1-16, 1-17, 1-18, 1-19 (1) (3) (4) (6) 1-21 3-1, 3-2, 4-11 |
| 2019-20 | നം.കെ.എസ്.എ/കെ.കെ.ഡി/ പി8/527/2022/25-03-2022 | 1-1 മുതൽ 1-15 വരെ |
| 2020-21 | നം.കെ.എസ്.എ/കെ.കെ.ഡി/ പി8/528/2022/26-03-2022 | 1-1 മുതൽ 1-15 വരെ, 3-1, 4-10, 4-11 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്